# Athmaraksha.org

വ്യക്തിപരമായ പ്രാർത്ഥനകൾ

## നമ്മുടെ ബലഹീനതകൾ സമർപ്പിച്ചുള്ള പ്രാർത്ഥന-Weakness




### നമ്മുടെ ബലഹീനതകൾ സമർപ്പിച്ചുള്ള പ്രാർത്ഥന

എന്നിൽ വസിക്കുന്ന ത്രിയേകദൈവമേ എന്റെ എല്ലാ ബലഹീനതകളേയും അങ്ങേയ്ക്ക് സമർപ്പിക്കുന്നു. എന്റെ ഈശോയേ എന്റെ തഴക്കദോഷങ്ങൾ, സ്വർത്ഥത, അഹങ്കാരം, വെറുപ്പ്, വിദ്വേഷം, അസൂയ, വൈരാഗ്യം, മുൻകോപം, ആസക്തികൾ, ദുഷ്ചിന്തകൾ, നിരാശ, അപകർഷതാബോധം, മറ്റുള്ളവരെ വിധിക്കുന്ന പ്രവണത, മറ്റുള്ളവരോട് ക്ഷമിക്കുവാൻ സാധിക്കാത്ത അവസ്ഥ, പ്രാർത്ഥനയിലുള്ള ശുഷ്കാന്തിക്കുറവ് എന്നിവ ഞാൻ അവിടുത്തെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. (ഓരോന്നും പ്രത്യേകം ഓർത്ത് സമർപ്പിക്കുക). അവിടുന്ന് എന്നെ വിശുദ്ധീകരിക്കണമേ. എന്നെ ദ്രോഹിക്കുന്നവരോട് പൂർണ്ണമായും ക്ഷമിക്കുവാൻ എനിക്ക് ശക്തി തരണമേ. അവിടുത്തെ കൃപാസമുദ്രത്തിൽ എന്റെ പാപങ്ങളുടെയും കടങ്ങളുടെയും കറകഴുകി എന്നെ വിശുദ്ധീകരിക്കണമേ. നിർമ്മലമായ ഒരു ഹൃദയവും, എല്ലാം ക്ഷമിക്കുവാനുള്ള മനസ്സും എനിക്ക് തരണമേ.

തിരുവചനം

തളർന്നവന് അവിടുന്ന് ബലം നൽകുന്നുദുർബലന് ശക്തിപകരുകയും ചെയ്യുന്നുയുവാക്കൾപോലും തളരുകയും,ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റുവീഴാംഎന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലുംക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല(ഏശയ്യാ 40:29- 31)

എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കുവേണ്ടി നീതിസൂര്യൻ ഉദിക്കും. അതിന്റെ ചിറകുകളിൽ സൗഖ്യമുണ്ട്. തൊഴുത്തിൽനിന്നു വരുന്ന പശുക്കുട്ടിയെന്നപോലെ നിങ്ങൾ തുള്ളിച്ചാടും (മലാക്കി 4:2).

എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും (ഫിലിപ്പി 4:13).

+++